**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6000** **25-03-2025 - ൽ മറുപടിയ്ക്ക്**

**തുറമുഖ വകുപ്പിന് അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | 2025-26 ലെ ബജറ്റിൽ തുറമുഖങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിൽ നോൺ-മേജർ തുറമുഖങ്ങൾക്ക് പ്രത്യേകം തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>2025-26 ലെ ബജറ്റിൽ തുറമുഖങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിൽ നോൺ മേജർ തുറമുഖങ്ങൾക്ക് 65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ പ്രധാന തുറമുഖങ്ങളിൽ കണക്ടിവിറ്റി, ചരക്കുകളുടെയും യാത്രാ ഗതാഗതത്തിന്റെയും സുസ്ഥിര നീക്കത്തിന് ആവശ്യമായ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പൂർണ്ണ ശേഷിയുള്ള തുറമുഖങ്ങൾ വികസിപ്പിക്കുക, മറ്റ് തുറമുഖങ്ങളുടെ വികസനം, തുറമുഖങ്ങളുടെ സുരക്ഷാ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ഐ എസ് പി എസ് കോഡുകൾ നടപ്പിലാക്കൽ, ക്യാപിറ്റൽ ഡ്രഡ്ജിങ്, മാനുവൽ ഡ്രഡ്ജിങ് നയം 2017 നടപ്പിലാക്കൽ, ഡ്രഡ്ജ്ഡ് മെറ്റീരിയൽ പ്രോസസിംഗ് യൂണിറ്റ് സ്ഥാപിക്കൽ, തുറമുഖ പരിധിയിലെ ഭൂമിയുടെയും മറ്റ് ആസ്തികളുടെയും സംരക്ഷണവും വികസനവും, വാർഫുകളുടെ നിർമ്മാണം, മെയിന്റനൻസ് ഡ്രഡ്ജിങ്, തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ തുറമുഖങ്ങളെ ആധുനികവൽക്കരിക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക, ദീർഘകാല സുസ്ഥിരത ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| (ബി) | പ്രസ്തുത തുറമുഖങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടതെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br><br>2025-26 ലെ ബജറ്റിൽ തുറമുഖങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിൽ നോൺ മേജർ തുറമുഖങ്ങൾക്ക് 65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ പ്രധാന തുറമുഖങ്ങളിൽ കണക്ടിവിറ്റി, ചരക്കുകളുടെയും യാത്രാ ഗതാഗതത്തിന്റെയും സുസ്ഥിര നീക്കത്തിന് ആവശ്യമായ ഉപകരണങ്ങൾ എന്നിവ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പൂർണ്ണ ശേഷിയുള്ള തുറമുഖങ്ങൾ വികസിപ്പിക്കുക, മറ്റ് തുറമുഖങ്ങളുടെ വികസനം, തുറമുഖങ്ങളുടെ സുരക്ഷാ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ഐ എസ് പി എസ് കോഡുകൾ നടപ്പിലാക്കൽ, ക്യാപിറ്റൽ ഡ്രഡ്ജിങ്, മാനുവൽ ഡ്രഡ്ജിങ് നയം 2017 നടപ്പിലാക്കൽ, ഡ്രഡ്ജ്ഡ് മെറ്റീരിയൽ പ്രോസസിംഗ് യൂണിറ്റ് സ്ഥാപിക്കൽ, തുറമുഖ പരിധിയിലെ ഭൂമിയുടെയും മറ്റ് ആസ്തികളുടെയും സംരക്ഷണവും വികസനവും, വാർഫുകളുടെ നിർമ്മാണം, മെയിന്റനൻസ് ഡ്രഡ്ജിങ്, തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ തുറമുഖങ്ങളെ ആധുനികവൽക്കരിക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക, ദീർഘകാല സുസ്ഥിരത ഉറപ്പാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| (സി) | ഓരോ തുറമുഖങ്ങളിലും നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം Amrit Kal Vision 2047 പ്രകാരമുള്ള മാസ്റ്റർ പ്ലാൻ എല്ലാ സംസ്ഥാനങ്ങളും തയ്യാറാക്കേണ്ടതുണ്ട്. ആയതിനാവശ്യമായ State Maritime and Water Transport Master Plan തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. തുറമുഖ വികസനം, തുറമുഖ അനുബന്ധ വികസനങ്ങൾ, Port- led Industries, ടൂറിസം, ചരക്ക് ഗതാഗതം എന്നിവ ഉൾപ്പെടുന്ന സമഗ്രമായ മാസ്റ്റർ പ്ലാൻ ആണ് തയ്യാറാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ